"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.എഫ്.എം.3/92/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06-11-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ ഇ-ഹെൽത്ത് കണക്റ്റിവിറ്റിയുടെ ആവർത്തന ചെലവ് കൈമാറുന്നതിനുള്ള ക്രമീകരണം - സംബന്ധിച്ച്

സൂചന:- 1. 27.06.2024 ലെ സ.ഉ(സാധാ)1145/2024/തസ്വഭവ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ 22.10.2025 ലെ യോഗതീരുമാനം 4.2

*********************

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പ്രൈമറി & സെക്കന്ററി കണക്റ്റിവിറ്റിയുടെ ആവർത്തനചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് , വികസന ഫണ്ട് ജനറൽ , റോഡിതര സംരക്ഷണ ഫണ്ട് എന്നിവയിൽ നിന്നും വഹിക്കാവുന്നതാണെന്ന് സൂചന(1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഇനത്തിൽ സർവ്വീസ് പ്രൊവൈഡർമാർക്ക് നൽകേണ്ടുന്ന തുക തദ്ദേശ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇ-ഹെൽത്ത് പദ്ധതിയുടെ പ്രൈമറി & സെക്കന്ററി കണക്റ്റിവിറ്റിയുടെ ആവർത്തനചെലവ് നൽകുന്നതിന് ചുവടെ ചേർക്കുന്ന ക്രമീകരണം ഏർപ്പെടുത്തുന്നു.

1) ഇ-ഹെൽത്ത് കേരള ഡയറക്ടർ , ഒരു തദ്ദേശഭരണ സ്ഥാപനം ഒരു വർഷം ഇ-ഹെൽത്ത് പദ്ധതിയുടെ പ്രൈമറി & സെക്കന്ററി കണക്റ്റിവിറ്റി ഇനത്തിൽ അടക്കേണ്ട തുക സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും ശേഖരിച്ച് ആശുപത്രിയേയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തേയും അറിയിക്കേണ്ടതാണ്.

2) തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ അർദ്ധ വാർഷികം/വർഷത്തെ തുക ഇ-ഹെൽത്ത്

കേരള ഡയറക്ടർക്ക് മുൻകൂട്ടി നൽകണം.

3) ആരോഗ്യ സ്ഥാപനങ്ങളിലെ സേവനങ്ങൾക്ക് മുടക്കം വരാൻ പാടില്ലാ എന്നതിനാൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും കൃത്യമായി തുക നൽകണമെന്നും ഇതിനായി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വാർഷിക പദ്ധതി അംഗീകാര സമയത്ത് ജില്ലാ ആസൂത്രണ സമിതി ഉറപ്പുവരുത്തണം.

4) സർവ്വീസ് പ്രൊവൈഡർമാർക്ക് കേന്ദ്രീകൃത രീതിയിൽ ബിൽ തുക നൽകുന്നതിനുള്ള നടപടി ഇ-ഹെൽത്ത് ഡയറക്ടർ സ്വീകരിക്കണം.

5) ബി.എസ്.എൻ.എൽ. അടക്കമുള്ള സർവ്വീസ് പ്രൊവൈഡർമാർ ഓരോ സ്ഥാപനത്തിന്റേയും ബിൽ ഇ-ഹെൽത്ത് ഡയറക്ടർക്ക് നൽകുന്നതിനോടൊപ്പം ഓരോ തദ്ദേശ സ്ഥാപനത്തിനും നൽകേണ്ടതാണ്.

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ.
Date: 07-11-2025 12:01:25

പകർപ്പ്

- പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് ( എല്ലാ തദ്ദേശ സ്ഥാപനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി)
- ചെയർമാൻ , സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
- എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം.
- കരുതൽ ഫയൽ /ആഫീസ് കോപ്പി.